**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4453 — 13.11.2019 -ൽ മറുപടിയ്ക്ക്

## അവശകലാകാരന്മാർക്കുള്ള പെൻഷൻ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആർ. രാമചന്ദ്രൻ :** | **ശ്രീ. എ. കെ. ബാലൻ**<br>**പട്ടികജാതി പട്ടികവർഗ്ഗ**<br>**പിന്നോക്ക സമുദായ ക്ഷേമവും നിയമവും**<br>**സാംസ്കാരികവും പാർലമെന്ററികാര്യവും**<br>**വകുപ്പ് മന്ത്രി** |
| എ) സംസ്ഥാനത്തെ അവശകലാകാരന്മാർക്ക് പെൻഷൻ നൽകുന്നുണ്ടോ; വിശദീകരിക്കുമോ; | എ) സാമ്പത്തിക പ്രയാസങ്ങൾ നേരിടുന്ന സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും പ്രതിമാസം ധനസഹായം നൽകുന്ന പദ്ധതി പ്രകാരം സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ് മുഖേന അർഹതയുള്ള ഓരോ കലാകാരന്മാർക്കും 1500/- രൂപ നിരക്കിൽ പെൻഷൻ നൽകുന്നുണ്ട്. |
| ബി) ഏത് വകുപ്പിൽ നിന്നുമാണ് പെൻഷൻ ലഭിക്കുന്നത് എന്നും ഇതിന് അപേക്ഷ സമർപ്പിക്കേണ്ടതെവിടെയാണെന്നും വിശദീകരിക്കുമോ; | ബി) സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം വഴിയാണ് പ്രസ്തുത പെൻഷൻ നൽകുന്നത്. കേരള സാഹിത്യ അക്കാദമി, കേരള സംഗീത നാടക അക്കാദമി, കേരള ലളിതകലാ അക്കാദമി, കേരള ഫോക് ലോർ അക്കാദമി, മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി എന്നീ അക്കാദമികൾ മുഖേനയും സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയത്തിൽ നേരിട്ടും അപേക്ഷ സമർപ്പിക്കാവുന്നതാണ്. |
| സി) 2018-19 കാലയളവിൽ എത്ര പേർക്ക് പ്രസ്തുത പെൻഷൻ അനുവദിച്ചുവെന്ന് വിശദീകരിക്കുമോ; | സി) 2018-19 കാലയളവിൽ 2019 മാർച്ച് മാസം വരെ 2822 പേർക്ക് പ്രസ്തുത പെൻഷൻ നൽകിയിട്ടുണ്ട്. |
| ഡി) കരുനാഗപ്പള്ളി നിവാസികളായ തൊടിയൂർ വസന്തകുമാരി, ധർമ്മജൻ എന്നിവർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ? | ഡി) കരുനാഗപ്പള്ളി നിവാസിയായ ശ്രീമതി തൊടിയൂർ വസന്ത കുമാരിയ്ക്ക് പെൻഷൻ അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. പെൻഷൻ അനുവദിക്കുന്നതിനായി ശ്രീ. ധർമ്മജൻ എന്ന പേരിലുള്ള അപേക്ഷ ലഭിച്ചതായി കാണുന്നില്ല. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**